## കൈറ്റ് ഗ്നു ലിനക്സ് 22.04

- ഉബുണ്ടു അടിസ്ഥാനമാക്കി കൈറ്റ് തയാറാക്കിയ സ്വതന്ത്ര ഓപ്പറേറ്റിങ് സിസ്റ്റം
- പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന 125 ലധികം വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ
- ചെറിയ കുട്ടികൾക്കുള്ള എഡ്യൂടെയ്ൻമെന്റ് ആപ്ലിക്കേഷനുകൾ
- സ്വതന്ത്ര അക്കൗണ്ടിംഗ്, ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് സോഫ്റ്റ് വെയറുകൾ
- വ്യക്തിഗത - സർക്കാർ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാം
- കൈറ്റ് വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (www.kite.kerala.gov.in)
- 2D, 3D ആനിമേഷൻ നിർമ്മാണം, ആഡിയോ-വീഡിയോ എഡിറ്റിംഗ് സൗകര്യങ്ങൾ
- വിദ്യാർഥികൾക്ക് നിർമ്മിതബുദ്ധി, മെഷീൻ ലേണിങ്, റോബോട്ടിക്സ് തുടങ്ങിയവയ്ക്ക് ഓഫ്‌ലൈൻ ടൂളുകൾ



unicef for every child

KITE GNU-Linux
Based on Ubuntu 22.04-64bit

little KITEs



# ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പും പുതിയ സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പ്രകാശനവും

2024 ആഗസ്ത് 23 , 24 തീയതികളിൽ
കൈറ്റ് ആർ ആർ സി ഇടപ്പള്ളി



19.08.2024

മാന്യരേ,

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംസ്ഥാനത്തെ 2219 സ്കൂളുകളിൽ നടപ്പാക്കി വരുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ ഇന്ത്യയിലെ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐ.സി.ടി. ശൃംഖലയാണ്. ഇതിലൂടെ 8, 9, 10 ക്ലാസുകളിലെ 1.80 ലക്ഷത്തിലധികം വിദ്യാർത്ഥികൾ ഓരോ വർഷവും ഐ.ടി. മേഖലയിൽ വിദഗ്ദ പരിശീലനം നേടുകയും മറ്റുള്ളവർക്ക് പങ്ക് വെക്കുകയും ചെയ്യുന്നു.

ഈ വർഷത്തെ ലിറ്റിൽ കൈറ്റ്സ് സംസ്ഥാനക്യാമ്പ് യൂണിസെഫിന്റെ സഹായത്തോടെ ആഗസ്റ്റ് 23, 24 തീയതികളിൽ കൈറ്റിന്റെ എറണാകുളം റീജണൽ റിസോഴ്സ് സെന്ററിൽ (ഇടപ്പള്ളി) നടക്കുകയാണ്. സംസ്ഥാന ക്യാമ്പ് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ മന്ത്രി **ശ്രീ. വി. ശിവൻകുട്ടി ആഗസ്റ്റ് 23 ന് രാവിലെ 10.30 ന്** ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് വേണ്ടി കൈറ്റ് തയ്യാറാക്കിയ KITE GNU Linux 22.04 എന്ന സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പ്രകാശനവും അദ്ദേഹം നിർവ്വഹിക്കും. വൈകുന്നേരം 6 മണിയ്ക്ക് ബഹു. വ്യവസായ-നിയമ വകുപ്പ് മന്ത്രി **ശ്രീ. പി. രാജീവ്** ക്യാമ്പ് അംഗങ്ങളുമായി സംവദിക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്. ഷാനവാസ് ഐ.എ.എസ്., ചീഫ് ഓഫ് സോഷ്യൽ പോളിസി, യൂണിസെഫ് ഡോ.കെ.എൽ.റാവു, ഐസിഫോസ് ഡയറക്ടർ ഡോ. സുനിൽ ടി.ടി., കേരള സ്റ്റാർട്ട്അപ് മിഷൻ സി.ഇ.ഒ. ശ്രീ. അനൂപ് അംബിക, യൂണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് ഡോ. അഖില രാധാകൃഷ്ണൻ, പ്രൊഫസർ നാഷണൽ യൂണിവേഴ്സിറ്റി സിംഗപ്പൂർ ഡോ. പ്രഹ്ളാദ് വടക്കേപ്പാട്ട്, ചീഫ് അനിമേറ്റർ സി-ഡിറ്റ് സുധീർ പി.വൈ. തുടങ്ങിയവർ ക്യാമ്പിൽ കുട്ടികളുമായി സംവദിക്കും. ക്യാമ്പിന്റെ ഭാഗമായി കുട്ടികൾ കളമശ്ശേരിയിലെ സ്റ്റാർട്ട്അപ് മിഷന് കീഴിലുള്ള ടെക്നോളജി ഇന്നൊവേഷൻ സോണിൽ 23 ന് ഉച്ചക്ക്ശേഷം സന്ദർശനം നടത്തും.

പരിപാടിയിൽ അങ്ങയുടെ മഹനീയ സാന്നിധ്യം അഭ്യർത്ഥിക്കുന്നു.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

## ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പ് 2024 പ്രോഗ്രാം

### 2024 ഓഗസ്റ്റ് 23

| | | |
|---|---|---|
| 09.30 AM | : | പ്രോഗ്രാമിംഗ് എക്സിബിഷൻ |
| 10.30 AM | : | ഉദ്ഘാടന ചടങ്ങ് |
| ആമുഖം | : | **കെ. അൻവർ സാദത്ത്,** സി.ഇ.ഒ., കൈറ്റ് |
| ഉദ്ഘാടനം | : | **ശ്രീ. വി. ശിവൻ കുട്ടി**<br>ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| പ്രഭാഷണം | : | **ശ്രീ. എസ്. ഷാനവാസ് ഐ.എ.എസ്.**<br>പൊതുവിദ്യാഭ്യാസ ഡയറക്ടർ<br>**ഡോ. കെ.എൽ. റാവു**<br>ചീഫ്, സോഷ്യൽ പോളിസി, യൂണിസെഫ് |
| 11.00 AM | : | 21st Century Skills for 21st Century Change Makers<br>**ഡോ. അഖില രാധാകൃഷ്ണൻ**<br>യൂണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് |
| 12.00 PM | : | FOSS and Open Hardware<br>**ഡോ. സുനിൽ ടി.ടി.,** ഡയറക്ടർ, ഐസിഫോസ് |
| 02.00 PM | : | ഇൻഡസ്ട്രിയൽ വിസിറ്റ്<br>കേരള ടെക്നോളജി ഇന്നൊവേഷൻ സോൺ |
| 03.00 PM | : | **ശ്രീ. അനൂപ് അംബിക**<br>സി.ഇ.ഒ., കേരള സ്റ്റാർട്ട് അപ് മിഷൻ |
| 06.00 PM | : | **ശ്രീ. പി. രാജീവ്**<br>ബഹു. വ്യവസായ-നിയമ വകുപ്പ് മന്ത്രി |
| 06.30 PM | : | അനിമേഷൻ എക്സിബിഷൻ |

### 2024 ഓഗസ്റ്റ് 24

| | | |
|---|---|---|
| 09.30 AM | : | അനിമേഷൻ ലോകം<br>**ശ്രീ. സുധീർ പി.വൈ.,** ചീഫ് അനിമേറ്റർ, സി-ഡിറ്റ് |
| 11.15 AM | : | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രയോഗവും സാധ്യതകളും<br>**കൈറ്റ് ടീം** |
| 02.00 PM | : | Innovation and design thinking for a future shaped by AI & Robotics<br>**ഡോ. പ്രഹ്ളാദ് വടക്കേപ്പാട്ട്**<br>നാഷണൽ യൂണിവേഴ്സിറ്റി, സിംഗപ്പൂർ |